## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4287** **24.06.2019-ൽ മറുപടിക്ക്**

## തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായ അന്തരീക്ഷം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സണ്ണി ജോസഫ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് Sexual Harassment of Women at Workplace (Prevention Prohibition and Redressal) ആക്ട്-2013 പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്ത് Sexual Harassment of Women at Workplace (Prevention Prohibition and Redressal) ആക്ട്-2013 പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Work Place(Prevention, Prohibition And Redressal) Act-2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും(ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ |

ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്. Sexual Harassment of Women at Workplace (Prevention Prohibition and Redressal) Act 2013 പ്രകാരം തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഇൻസ്പെക്ടേഴ്സ് അല്ല എന്നിരുന്നാലും ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് റൂൾ 6 (ബി) പ്രകാരം കംപ്ലയിൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് സ്ഥാപന പരിശോധനാവേളയിൽ അന്വേഷിക്കുകയും ഇല്ലാത്ത സ്ഥാപനങ്ങളിൽ ആയത് രൂപീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 1961 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ലാട്രിൻ/യൂറിനൽ സംവിധാനം, 20 ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, 50 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ താമസം, സ്ഥാപനത്തിൽ നിന്നും 25 കിലോമീറ്ററിൽ കൂടുതലുണ്ടെങ്കിൽ തൊഴിലുടമ ഹോസ്റ്റൽ സൗകര്യം നൽകുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധനാ വേളയിൽ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ ഉറപ്പ് വരുത്താറുണ്ട്. 2018 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ടി നിയമഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടു കൂടി ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം രണ്ട് സ്ത്രീകളുൾപ്പടെ 5 ജീവനക്കാരെങ്കിലും ഉള്ള

ഗ്രൂപ്പായി മാത്രമേ സ്ത്രീ തൊഴിലാളികളെ ജോലിക്ക് നിയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്. തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളിന്മേൽ അവബോധം വരുത്തുന്നതിനായി ലഘുലേഖകളും വിതരണം ചെയ്യുന്നുണ്ട്. കടകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി എടുത്തിട്ടുണ്ട്. കൂടാതെ ഗ്രേഡിംഗിനുള്ള ചോദ്യാവലിയിൽ സ്ത്രീ സുരക്ഷ, യാത്രാ സൗകര്യം, പ്രസവാവധി ആനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.